# ഗവ: യു.പി.എസ്
# അകത്തേത്തറ



## അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-2026

ACE Scanner

# ആമുഖം

പതിറ്റാണ്ടുകൾ പിന്നിട്ട് വർണ്ണ ശബളമായ അന്തരീക്ഷത്തിൽ മികവിന്റെ പടവുകളിൽ ചുവടുറപ്പിച്ച മാറ്റത്തിന്റെ ശംഖൊലി മുഴക്കാൻ തയ്യാറായി മുന്നോട്ടു കുതിക്കുകയാണ് നമ്മുടെ അകത്തേത്തറ ജി.യു.പി.സ്കൂൾ.

വിദ്യാർത്ഥികൾക്ക് സുരക്ഷിതവും സ്വതന്ത്രവും ശിശു സൗഹൃദ പരവുമായ അന്തരീക്ഷം ഒരുക്കുന്നു. ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ ശുചിത്വ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നു. അന്താരാഷ്ട്ര നിലവാരത്തിലേക്കുള്ള പഠന സാഹചര്യം ഒരുക്കുന്നു. അതിനുവേണ്ടി ലഭ്യമായ വിദ്യാലയ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിച്ച് വിദ്യാലയത്തിനെ മികവുറ്റതാക്കുന്നു.

ബാലാവകാശനിയമം വിദ്യാഭ്യാസ അവകാശ നിയമം എന്നീ നിയമങ്ങൾ മുറകെ പിടിച്ച് എല്ലാ വിദ്യാർത്ഥികളെയും അറിവന്റെ ചക്രവാളത്തിലേയ്ക്ക് തദ്വാര സാമൂഹിക വികസനത്തിനുവേണ്ടി ദീർഘവീക്ഷണത്തോടെയുള്ള ഈ പദ്ധതിയ്ക്ക് നമുക്ക് ഒന്നിച്ച് കൈകോർത്ത് അണിചേരാം.

# ഐതീഹ്യം

പാലക്കാട് ജില്ലയുടെ നഗരഹൃദയത്തിനും മലമ്പുഴ വിനോദസഞ്ചാര കേന്ദ്രത്തിനും ഇടയ്ക്കായി സ്ഥിതി ചെയ്യുന്ന പ്രശാന്ത സുന്ദരമായ പ്രദേശമാണ് അകത്തേത്തറ. രാവണ നിഗ്രഹാർത്ഥം ശ്രീരാമന് ആദിത്യഹൃദയമന്ത്രം ചൊല്ലിക്കൊടുത്ത ശേഷം അഗസ്ത്യമുനി വിശ്രമിച്ച ആൽത്തറയും പരിസരവുമാണ് അഗസ്ഥ്യത്തറയായും പിന്നീട് അകത്തേത്തറയായും പരിണമിച്ചതെന്നാണ് ഐതീഹ്യം.

# ജി.യു.പി.എസ്. അകത്തേത്തറ

## ചരിത്രം

1885-ൽ പാലക്കാട്ടുശ്ശേരി ശേഖരിവർമ്മവലിയ രാജാവ് കിഴക്കെ മേലിടം കുഞ്ഞിക്കോമ്പി തമ്പുരാനാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. 1902-ൽ അദ്ദേഹത്തിന്റെ മരുമകൻ കിഴക്കെ മേലിടം ഉണ്ണാലച്ചൻ മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന് സംഭാവന ചെയ്തതാണ് ഈ വിദ്യാലയം. പിന്നീട് അന്നത്തെ രാജാവായ കിഴക്കെ മേലിടം വിദ്വാൻ കോമ്പിത്തമ്പുരാൻ അദ്ദേഹത്തിന്റെ വസതിയായ ചാത്തത്ത് വീടിന്റെ എതിർവശത്തായി പെൺകുട്ടികൾക്ക് മാത്രമായി ഒരു ഗേൾസ് സ്കൂൾ സ്ഥാപിക്കുകയും അത് ഈ സ്കൂളുമായി ലയിപ്പിക്കുകയും ചെയ്തു. അന്ന് ഇവിടെ എട്ടാംതരം വരെയായിരുന്നു ക്ലാസുകൾ ഉണ്ടായിരുന്നത്. അന്ന് കടുക്കാംകുന്ന്, ആണ്ടിമഠം, കല്ലേക്കുളങ്ങര, പപ്പാടി, ധോണി എന്നീ പ്രദേശങ്ങളിലുള്ളവർക്കെല്ലാംകൂടി അകത്തേത്തറ സ്കൂളായിരുന്നു ഏക ആശ്രയം.

ഈ വിദ്യാലയത്തിൽ നിന്ന് വിദ്യാഭ്യാസം നേടി ഉന്നത പദവിയിലെത്തിയവർ നിരവധിയാണ്. വിഷ ചികിത്സാ രംഗത്ത് പ്രമുഖനായിരുന്ന ഇളയച്ചനിടം കുഞ്ഞു അച്ചൻ, രായിരം കണ്ടത്ത് ഭാസ്കര മേനോൻ, മാനസിക ചികിത്സാരംഗത്ത് വീരാൻ കുട്ടി വൈദ്യർ, ആയുർവ്വേദ ചികിത്സാവര്യന്മാരായിരുന്ന ചാത്തത്ത് വീട്ടിൽ കേശവമേനോൻ, കിഴക്കേ മേലിടം കേളും അച്ചൻ , ഇളയച്ചനിടം ഇട്ടിപ്പങ്കു അച്ചൻ, നാഡീചികിത്സകനായിരുന്നു കിഴക്കേ മേലിടം കൃഷ്ണവർമ്മ എന്നിവർ അകത്തേത്തറയുടെ ഗതകാല പുണ്യങ്ങളാണ്.

പ്രമുഖ സാമൂഹ്യ പ്രവർത്തകയും മുൻബോർഡുമെമ്പറുമായ അമ്പാട്ടു ബംഗ്ലാവിൽ രുഗ്മിണി നേത്യാർ, ശാസ്ത്രജ്ഞനായിരുന്ന വി.കെ.പ്രേംകുമാർ, ദേശീയ അധ്യാപക അവാർഡു ജേത്രിയായ എ. പാർവ്വതി നേത്യാർ, ഡോ:ടി. കെ.കെ.അച്ചൻ വിദ്വാൻ, എ.വാസുമേനോൻ ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുക്കുന്നതിന് മൂന്നു വർഷത്തിലേറെ ജയിൽ വാസവും സ്വാതന്ത്ര്യസമരത്തിന്റെ വിവിധ ഘട്ടങ്ങളിൽ അതിക്രൂര മർദ്ദനവും ജയിൽ വാസവും അനുഭവിച്ചിട്ടുള്ള ഹിന്ദി സാഹിത്യത്തിൽ ദേശീയ അവാർഡു ഡോക്ടറേറ്റ് ബിരുദവും നേടിയ



ACE Scanner

പി.നാരായൺജി, മഹാത്മജി സ്ഥാപിച്ച സേവാഗ്രാമിൽ നിന്നും അടിസ്ഥാന വിദ്യാഭ്യാസ പരിശീലനം നേടിയ വിദ്യാഭ്യാസ വിചക്ഷണനും ഗാന്ധി സാഹിത്യകാരനും ബാല സാഹിത്യത്തിൽ ദേശീയ സംസ്ഥാന അവാർഡു ജേതാവുമായ ഭീമൻ ഗുരുജി, ഉണ്ണാലച്ചൻ, ഹിന്ദി സാഹിത്യത്തിൽ ഒന്നാം റാങ്കും, ഡോക്ടറേറ്റും നേടിയ പി.നാസ്തിക് കുമാർ എന്നിവർ അകത്തേത്തറയുടെ അഭിമാനഭാജനങ്ങളാണ്. സ്വാതന്ത്ര്യസമര സേനാനിയും സാഹിത്യകാരനും മാതൃഭൂമി പത്രാധിപരുമായിരുന്ന കെ.പി.കേശവ മേനോന്റെ ജീവിതവും അകത്തേത്തറയുമായി അഭേദ്യബന്ധമുള്ളതാണ്.

ഒളപ്പമണ്ണ, പൂമുള്ളി തുടങ്ങിയ കലാസാംസ്കാരിക കേന്ദ്രങ്ങളിൽ നിന്നും വീരശൃംഖലയും പട്ടും വളയും ലഭിച്ച യശഃശരീരനായ തായമ്പക വിദ്വാൻ അച്യുതമാരാർ , പല്ലാവൂർ കൃഷ്ണൻകുട്ടി നായർ, രാവുണ്ണിപ്പണിക്കർ, നാദസ്വര വിദ്വാൻ അച്യുതൻമാരാർ, വേങ്ങശ്ശേരി നാരായണൻ നായർ, താളമേള വിദഗ്ദ്ധന്മാരായ കല്ലേക്കുളങ്ങര അച്യുതൻകുട്ടി മാരാർ തുടങ്ങിയവർ അകത്തേത്തറയുടെ കലാസപര്യ ലോകം മുഴുവൻ അറിയിച്ചവരാണ്. ചവിട്ടു നാടകവിദ്വാനും തോറ്റം പാട്ടുകാരനുമായ കൊങ്ങപ്പാടം വേലായുധനും അറിയപ്പെടുന്ന വ്യക്തിത്വമായിരുന്നു.

ഇന്ത്യൻ നേവിയിൽ ക്യാപ്റ്റനായിരുന്ന കെ.എം.അപ്പു അച്ചൻ, എയർ ഇന്ത്യ ഫ്ളയിംഗ് ഓഫീസർ അമ്പാട്ട് ചെല്ലപ്പമേനോൻ, പൊതു പ്രവർത്തകനായ എം.സി.കെ.നായർ എന്നിവർ അകത്തേത്തറയുടെ ചരിത്രനായകന്മാരാണ്. ഈ സ്കൂളിൽ പഠിച്ച് അധ്യാപക ജോലിയിൽ ഏർപ്പെട്ടവരും നിരവധിയുണ്ട്. തെക്കേടത്ത് മാധവൻ മാസ്റ്റർ, തെക്കേ വീട്ടിൽ കുട്ടിച്ചാത്തു മാസ്റ്റർ, ഉൽപ്പലാക്ഷി ടീച്ചർ, ഇ.ശ്രീകുമാരൻ മാസ്റ്റർ, ടി.എം.രാജൻ മാസ്റ്റർ, കെ.കൃഷ്ണമേനോൻ മാസ്റ്റർ തുടങ്ങിയവർ ഇവരിൽ ചിലരാണ്. ഒരേ സമയം അമ്മയും മക്കളും അധ്യാപകരായിരുന്ന ഒരു കാലവും ഈ വിദ്യാലയത്തിലുണ്ടായിരുന്നു.

## ചില ശ്രദ്ധേയമായ നേട്ടങ്ങൾ

ഈ ചരിത്ര പാരമ്പര്യം കാത്തു സൂക്ഷിച്ചുകൊണ്ട് നല്ലവരായ നാട്ടുകാരുടെ സഹകരണത്താലും ഗ്രാമപഞ്ചായത്തിന്റെയും മറ്റു സന്നദ്ധസംഘടനകൾ പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സഹായത്തോടെയും ഇന്നും ഈ



PDF Scanner ACE Scanner

സ്കൂളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. **2010-ൽ 'ഹരിതകേരളം'** റിയാലിറ്റി ഷോയിൽ പങ്കെടുത്ത് മികച്ച നേട്ടം കൈവരിക്കാനായി. ബെസ്റ്റ് പി.ടി.എ.ക്കുള്ള അവാർഡ് മൂന്നുതവണ നിലനിർത്താനായത് സ്കൂളിലെ പി.ടി.എ.യുടെ സ്തുത്യർഹമായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ്. **'ലിറ്റിൽ സയന്റിസ്റ്റ്'** എന്ന കുട്ടി ശാസ്ത്രജ്ഞന്മാരെ വളർത്തിയെടുക്കാനുള്ള പ്രവർത്തന പദ്ധതിയിലൂടെ സ്കൂളിലെ സയൻസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധേയമായി. ഇതിന്റെ ഫലമായി observatory സജ്ജീകരിക്കുന്നതിന്റെ ഭാഗമായി ഒരു ടെലിസ്കോപ്പും സ്കൂളിന് ലഭിക്കുകയുണ്ടായി. കൂടാതെ ശാസ്ത്രമേളകളിൽ സ്കൂളിലെ കുട്ടികൾ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും മികച്ച നേട്ടങ്ങൾ കൈവരിച്ചു വരുന്നു. കലാരംഗത്തും കുട്ടികൾ ഒട്ടും പിന്നിലല്ല. ഇതിന്റെ തെളിവാണ് ഈ വർഷം ജില്ലാ തലത്തിൽ ഒന്നാം സമ്മാനം നേടിയത്. **'നൂറ്റ്ക്ക്നൂറ്' എന്ന പദ്ധതി** (പുസ്തകങ്ങൾക്കു പകരം കാർഡുകൾ ഉപയോഗിച്ചുള്ള പഠന രീതിക്ക് തിരഞ്ഞെടുത്തത് സബ്ജില്ലയിൽ നിന്ന് നമ്മുടെ സ്കൂളിനെയാണ്. ഇത്തരം പ്രവർത്തനങ്ങൾ സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിന് തെരഞ്ഞെടുക്കാൻ വളരെയധികം സഹായിച്ചിട്ടുണ്ട്.

## വിദ്യാലയം-മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

കുട്ടിയുടെ സർവ്വതോന്മുഖമായ വികാസം വിദ്യാഭ്യാസത്തിന്റെ ആത്യന്തികമായ ലക്ഷ്യമാണ്. കുട്ടി മികവാർന്ന വ്യക്തിയായും സമൂഹജീവിയായും മാറുക എന്നത് ഏതു രക്ഷിതാവിന്റെയും അധ്യാപകന്റെയും ആഗ്രഹമാണ്. അധ്യാപകർ, രക്ഷിതാക്കൾ, നാട്ടുകാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എസ്.എസ്.എ., വിദ്യാഭ്യാസവകുപ്പ് എന്നിവരുടെ സഹായത്തോടെ വിദ്യാലയത്തിന് നിലവാരം ഉയർത്താൻ സാധിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം നമ്മുടെ വിദ്യാലയത്തിലൂടെ സാധ്യമാക്കുക എന്നതാണ് വിദ്യാലയത്തിന്റെ കാഴ്ചപ്പാട്.



ACE Scanner

## വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്

അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം സാധ്യമാക്കുക–പൊതു വിദ്യാലയങ്ങളിലൂടെ...

- ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതവും, വിദ്യാർത്ഥി സൗഹൃദപരവു മായ ക്ലാസ് മുറികൾ.
- പരിസ്ഥിതി സൗഹൃദ ശുചിത്വസുന്ദര വിദ്യാലയം.
- അക്കാദമിക നിലവാരം പ്രതിഫലിപ്പിക്കുന്ന ഓഫീസ്.
- റിസോഴ്സ്റും എന്ന നിലയിലുള്ള സ്റ്റാഫ്റും.
- കാമ്പസ് ഒരു പാഠപുസ്തകം. ജൈവ വൈവിധ്യപാർക്ക്.
- ആധുനികവൽക്കരിച്ച വായനശാല, ലബോറട്ടറികൾ.
- കാർഷിക സംസ്കാരമുള്ള ഒരു തലമുറയെ വാർത്തെടുക്കൽ.
- സർഗ്ഗപരമായ കഴിവുകളെ വികസിപ്പിക്കുന്നതിനുള്ള സമഗ്ര വിദ്യാഭ്യാ സം.
- പഠനമികവിനായി ആകർഷകമായ ഭൗതിക സൗകര്യങ്ങൾ.
- പ്ലാസ്റ്റിക്–ലഹരി–മാലിന്യവിമുക്ത വിദ്യാലയം.
- പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാ കുട്ടികൾക്കും പിന്തുണ, പ്രോത്സാഹനം.
- മൂന്നു ഭാഷകളും കൈകാര്യം ചെയ്യാൻ കഴിവുള്ള വിദ്യാർത്ഥികൾ.
- എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ പരിജ്ഞാനം മികച്ച കമ്പ്യൂട്ടർ ലാബി ലൂടെ.
- അനുയോജ്യമായ കായിക വിദ്യാഭ്യാസ സൗകര്യം.
- സ്ക്കൂൾ തല പ്രവർത്തനങ്ങളിൽ പിന്തുണ നൽകുന്ന പി.ടി.എ.
- പോഷകാഹാരവിതരണം മികച്ചരീതിയിൽ.
- ശാസ്ത്രാഭിരുചിവളർത്തുന്ന തരത്തിലുള്ള ശാസ്ത്രലാബുകൾ. (ശാ സ്ത്രാഭിമുഖ്യമുള്ള വിദ്യാർത്ഥികൾ)



ACE Scanner

- ഐ.ടി. അധിഷ്ഠിതമായ അധ്യാപനം.
- ഗണിതാശയങ്ങളുടെ അർത്ഥപൂർണ്ണമായ പ്രയോഗം.
- സമൂഹവുമായി നിരന്തരമായി ബന്ധമുള്ള വിദ്യാലയം.
- ജനാധിപത്യം ക്ലാസ് മുറികളിൽ.

ACE Scanner

# മലയാളം

സ്കൂളിൽ കുട്ടികളിൽ വായനാശീലം വളർത്തുന്നതിനും ഭാഷ ശേഷി കൈവരിക്കുന്നതിനും മലയാളം ക്ലാസുകൾക്ക് ഏറെ പ്രാധാന്യമുണ്ട്. വായിച്ചുവളരുക ചിന്തിച്ചു വിവേകം നേടുക എന്ന മഹത് വചനത്തിനു വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്കു നയിക്കാൻ ഒരു മഹത് സംരംഭം .

ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളെയും വായനയിൽ താല്പര്യമുള്ളവരാക്കുക .
- വായനയുടെ വിവിധ തലങ്ങൾ കുട്ടികളെ പരിശീലിപ്പിക്കുക
- മികവ് പുലർത്തുന്നവരെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു .
- എല്ലാ കുട്ടികൾക്കും പഠനനേട്ടം ഉറപ്പാക്കുക .

സ്കൂളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ

- വിവിധ വായന സാമഗ്രികൾ പുനശ്ക്രമീകരിക്കുന്നു
- പഠന സമയത്തിന് പുറത്തു വായനക്കുള്ള സമയം കണ്ടെത്തുന്നു
- വായനയുമായി ബന്ധപെട്ടു അമ്മവായന, വായനോത്സവം , ക്ലാസ് വായന കൂട്ടം എന്നിവ ചെയ്യുന്നു ക്ലാസ് തല ലൈബ്രറി , സ്കൂൾ ലൈബ്രറി എന്നിവ മോടി കൂട്ടുന്നു .
- ഭാഷയിലേക്കു ആകർഷിക്കുന്നതിനായി സന്നദ്ധതപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു .
- എഴുത്തിലേക് കൊണ്ടുവരുന്നതിനായി സംയുക്ത ഡയറി ,രചനോത്സവം , കയ്യെഴുത്തുപ്രതി എന്നിവ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ കണ്ടെത്തുന്നതിനായി അരങ്ങ് , റീഡേഴ്സ് തിയേറ്റർ എന്നി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

നേട്ടങ്ങൾ

- ഭാഷാപഠനം താല്പര്യജനകവും ആഹ്ലാദകരവുമാക്കാൻ കഴിഞ്ഞു .
- കുട്ടികളുടെ അക്ഷരതെറ്റുകൾ കുറഞ്ഞു .
- ഭാഷാശേഷിയും സർഗാത്മക ശേഷിയും മെച്ചപ്പെട്ടു .
- കുട്ടികൾക്കു വായനയിലുള്ള താല്പര്യം മെച്ചപ്പെടുത്താൻ കഴിഞ്ഞു.
- വിദ്യാരംഗം സാഹിത്യോത്സവത്തിന്റെ ഭാഗമായി കൈയെഴുത്തു മാസിക നിർമിച്ചു

ACE Scanner

# ENGLISH

The aim of our education is the all round development of a child. Child comes to our school to attain the knowledge. For this we can use modern technology to trigger the child in the stream of IT.

## AIM

- Our goal is to ensure the students from 1st STD to 7th STD would be able to communicate in English easily.
- Then they will also be able to read and understand the regular text book as well as other books. Students will beable to take away the fear of handling language also.

## ACTIVITIES

- Games, action songs, identify the naming words, action words from the picture.
- Notice , diary, self introduction , picture reading , growing sentences
- newspaper reading, library books reading , book review, rhyming words, text book activities , word hunt, word chain, sentence chain
- Make riddles
- Conversation
- Description
- Add more lines
- Letter writing
- Make magazines
- Conducting English assembly by each class
- Bulletin board for English

## ACHIEVEMENTS

- vocabulary development
- making simple sentences
- develop interest in English
- understand sentence pattern
- develop language skills

PDF Scanner ACE Scanner

# ഹിന്ദി

ഹിന്ദ്യേതര സംസ്ഥാനമായ കേരളത്തിൽ നമ്മുടെ രാഷ്ട്രഭാഷയായ ഹിന്ദിയെ വളർത്തികൊണ്ട് വരേണ്ടത് അത്യാവശ്യമാണ് .

അതിന് തുടക്കം സ്കൂളുകളിൽ നിന്ന് തന്നെയാണ് വേണ്ടത് .

ലക്ഷ്യങ്ങൾ

- 5,6,7 ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും ഹിന്ദി ഭാഷയിൽ തല്പരരാക്കുക .
- ഹിന്ദി കേൾക്കാനുള്ള അവസരം പരമാവധി പ്രയോജനപ്പെടുത്തുക .
- ഹിന്ദി വായിക്കാനുള്ള മികവ് മെച്ചപ്പെടുത്തുക.
- എല്ലാ കുട്ടികൾക്കും ഹിന്ദി എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പാക്കുക .
- കുട്ടികളുടെ രചന മെച്ചപ്പെടുത്തുക .

സ്കൂളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ

- സുരീലി ഹിന്ദി കവിതകൾ കേൾപ്പിക്കുക
- ICT സഹായത്തോടെ വാക്കുകളും വസ്തുക്കളും പരിശീലിപ്പിക്കാൻ ഉള്ള അവസരം .
- ഹിന്ദി അസംബ്ലി
- അക്ഷരകാർഡ് , വാക്കുകൾ എഴുതിയ കാർഡ് നിർമ്മാണം .
- ദിനാചരണങ്ങളോട് അനുബന്ധിച്ചു പോസ്റ്റർ ,ക്വിസ് എന്നിവ തയ്യാറാക്കൽ .

നേട്ടങ്ങൾ

- ഭാഷാശേഷി വർധിച്ചു
- വായനകാർഡിൽ നിന്നും പുസ്തകത്തിലേക്ക് വായന വളർന്നു .
- ഹിന്ദി പറയുമ്പോൾ കുട്ടികൾക്ക് മനസിലാക്കുവാനും അതനുസരിച്ചു കൊച്ചുവാക്കുകൾ കൊണ്ട് പ്രതികരിക്കുവാനും സാധിച്ചു

# അടിസ്ഥാന ശാസ്ത്രം

പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കുട്ടികളിൽ ശാസ്ത്രബോധം വളർത്തുന്നതിനും ശാസ്ത്രീയമനോഭാവം നേടിയെടുക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ ശാസ്ത്രക്ലാസുകളിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

ലക്ഷ്യങ്ങൾ

- ജീവിതത്തിൽ ശാസ്ത്രീയ സമീപനം കൈകൊള്ളുവാൻ പരിശീലിപ്പിക്കുക .
- ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുക .
- ശാസ്ത്രീയ ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക .
- പ്രശ്നങ്ങളെ അപഗ്രഥിച്ച നിഗമനത്തിൽ എത്തിച്ചേരാനുള്ള കഴിവുണ്ടാക്കുക.

സ്കൂളിൽ നടത്തുന്ന പ്രവർത്തനങ്ങൾ

- ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ തയ്യാറാക്കൽ
- ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ
- ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്കു എത്തിക്കുന്നു
- പ്രക്രിയാധിഷ്ഠിതമായ ശാസ്ത്രക്ലാസ്സുകൾ
- ശാത്രക്ലബ്ബ്കളുടെ മെച്ചപ്പെട്ട പ്രവർത്തനം
- ശാസ്ത്രമേളകളിൽ മികച്ച രീതിയിൽ ഉള്ള പങ്കാളിത്തം
- ഫീൽഡ് ട്രിപ്പുകളും ബോധവത്കരണ ക്ലാസ്സുകളും
- ശാസ്ത്രക്വിസുകൾ സംഘടിപ്പിക്കൽ
- ശാസ്ത്രമാസികകൾ ലഭ്യമാക്കി ശാസ്ത്ര വായന പരിപോഷിപ്പിക്കൽ
- സയൻസ് ബുള്ളറ്റിൻ ബോർഡ്
- പഠനോപകരണ നിർമ്മാണ ക്ലാസുകൾ
- ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങളിലൂടെ ശാസ്ത്രത്തിന്റെ വഴി പരിചയപ്പെടുത്തൽ

നേട്ടങ്ങൾ

- ശാസ്ത്രമേളകളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചു
- ശാസ്ത്രവായന പരിപോഷിപ്പിച്ചു
- ശാത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പരിശീലിപ്പിച്ചു
- പരിസ്ഥതി സൗഹൃദ മനോഭാവം വളർത്താൻ സഹായകമായി
- കൗതുകം , ജിജ്ഞാസ , നിരീക്ഷണ പാടവം, എന്നിവ പരിപോഷിപ്പിക്കാൻ സാധിച്ചു .

ACE Scanner

- ശാസ്ത്ര ഉപകരണങ്ങൾ സ്വയം നിർമിക്കാൻ താല്പര്യം ഉണ്ടായി .
- ദൈനം ദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തി
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാൻ സഹായിച്ചു .

ACE Scanner

# ഗണിതം

വസ്തുക്കളെ സംഖ്യകൾ ഉപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്നതിനാണ് ഗണിതശാസ്ത്ര പഠനത്തിൽ പ്രധാനമായും ഊന്നൽ നൽകുന്നത്.

നിത്യജീവിതത്തിൽ ഗണിതം വളരെയധികം സ്വാധീനം ചെലുത്തുന്നു . അനുഭവത്തിന്റെ വെളിച്ചത്തിൽ നേടിയ അറിവിനെ മെച്ചപ്പെടുത്തണം. അതുവഴി തന്റെ അറിവിനെ നൂതന സന്ദർഭങ്ങളിൽ പ്രയോഗിക്കാനും പ്രശ്ന പരിഹരണം നടത്താനും കഴിയണം .

ലക്ഷ്യങ്ങൾ

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുക.
- ഗണിതപഠന പ്രവർത്തനങ്ങൾ മധുരമാക്കൽ.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക .
- ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുക .
- എല്ലാ കുട്ടികൾക്കും ഗണിതത്തിൽ താല്പര്യം വളർത്തിയെടുക്കുക.

സ്കൂളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ

- ഗണിത ശില്പശാല കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു .( നമ്പർ കാർഡ് ഉപയോഗിക്കുന്നു. )
- ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ . വിവിധ രൂപങ്ങൾ നിർമിക്കുന്നു .അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്താൽ, പ്രദർശനം നടത്തൽ.
- വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ . ലാബിൽവച്ച് ഗണിതക്ലാസ്സ് നടത്തൽ.
- ജ്യാമിതീയ രൂപങ്ങൾക്കു പ്രാധാന്യം നൽകി വിദ്യാലയമുറ്റത്തു ഗണിതപാർക്ക് സജ്ജമാക്കൽ.
- IT സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ ,ടാൻഗ്രാം ഇതുപോലെയുള്ള പ്രവർത്തനങ്ങൾ IT സാധ്യതകൾ ഉപഗോഗപെടുത്തി കൊണ്ട് കുട്ടികളിലേക്ക് എത്തിക്കൽ

നേട്ടങ്ങൾ

- അബാക്കസ് ഉപയോഗിച്ചു സംഖ്യകൾ എണ്ണാനും സ്ഥാനവില മനസിലാക്കാനും , സങ്കലനം, വ്യവകലനം , എന്നിവ ഉറപ്പാക്കാനും കഴിഞ്ഞു.
- വിവിധ രൂപങ്ങൾ ഉപഗോയിച്ച പാറ്റേണുകൾ ഉണ്ടാക്കാൻ കഴിഞ്ഞു

ACE Scanner

# സോഷ്യൽ സയൻസ്

സാമൂഹിക പുരോഗതിയെ സ്വാധീനിക്കുന്ന സംഭവങ്ങൾ ,ആശയങ്ങൾ ,പ്രതിഭാസങ്ങൾ മുതലായവയെ കുറിച്ചുള്ള പരസ്പരബന്ധിതവും മനുഷ്യകേന്ദ്രീകൃതവുമായ പഠനമാണ് സാമൂഹ്യശാസ്ത്രം .വ്യക്തികൾ തമ്മിലും വ്യക്തിയും സമൂഹവും തമ്മിലും സമൂഹവും പ്രകൃതിയും തമ്മിലും ഉള്ള ബന്ധങ്ങളെ കുറിച്ചുള്ള അന്വേഷണമാണ് സാമൂഹ്യശാസ്ത്ര പഠനം .

ലക്ഷ്യങ്ങൾ

- സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ,ആശയങ്ങൾ ഇവ നേടിയെടുക്കൽ
- വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചു വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക .
- പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കി മാറ്റുക .
- കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചും നല്ല ഭക്ഷണശീലങ്ങളെക്കുറിച്ചും അവബോധം ഉണ്ടാക്കുക .
- പ്രധാനപ്പെട്ട ദിനങ്ങളെക്കുറിച്ചും അവയുടെ പ്രാധാന്യത്തെ കുറിച്ചും കുട്ടികളിൽ അവബോധം സൃഷ്ടിക്കുക .

സ്കൂളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ

- സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പദപ്രശ്നം ,ആശയഭൂപടം എന്നിവ നൽകുന്നു .
- സൈബർ സുരക്ഷയെകുറിച്ചും ലഹരിയുടെ ദൂഷ്യവശങ്ങളെ കുറിച്ചും എക്സൈസ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണക്ലാസ്സ് സംഘടിപ്പിക്കൽ .
- പച്ചക്കറിത്തോട്ടം പരിപാലനം
- കൃഷിസ്ഥലങ്ങൾ സന്ദർശിക്കൽ,അഭിമുഖം നടത്തൽ
- ഐസിടി സാദ്ധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ചു കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു .

നേട്ടങ്ങൾ

- വിദ്യാർത്ഥികളിൽ സാമൂഹ്യബന്ധങ്ങൾ വളർത്തുന്നതിന് കഴിഞ്ഞു .
- താൻ ഉൾക്കൊള്ളുന്ന സമൂഹത്തിന്റെ പ്രശ്നങ്ങൾ വിമർശനാത്മകമായി വിലയിരുത്തി നിലപാടുകൾ സ്വീകരിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കി .

ACE Scanner

# കലാ - കായിക പ്രവൃത്തി പഠനം

ഇന്നത്തെ കാലഘട്ടത്തിൽ പാഠ്യേതര പ്രവർത്തനങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട് . പ്രവൃത്തി പരിചയ മേളകളിൽ സബ്ജില്ലാ ,ജില്ല തലങ്ങളിൽ സ്കൂളിലെ കുട്ടികൾക്ക് മികച്ച പ്രകടനം കാഴ്ച വെക്കാൻ കഴിയുന്നു .

കായികം

ആരോഗ്യമുള്ള ഒരു ശരീരത്തിലാണ് ആരോഗ്യമുള്ള ഒരു മനസ് കുടികൊള്ളുന്നത് . കുട്ടികളുടെ കായിക ക്ഷമത വർധിപ്പിക്കുന്നതിന് വേണ്ടിയുള്ള ശാസ്ത്രീയമായ പരിശീലനം നൽകുവാൻ കായിക അധ്യാപികയുടെ സേവനത്തിലൂടെ സാധ്യമായിട്ടുണ്ട് .കായിക മേഖലയിൽ മികവുള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് മാസത്തിൽ ഒരു തവണ എങ്കിലും ക്ലാസ് നൽകണം . അതിലൂടെ കുട്ടികളുടെ കായിക പുരോഗതി രക്ഷിതാക്കളെ ബോധ്യപ്പെടുത്താൻ കഴിയും .

വിശാലമായ കളിസ്ഥലത്തിന്റെ ലഭ്യത സാധ്യമായാൽ കൂടുതൽ ഉയരങ്ങളിലേക്ക് നമ്മുടെ കുട്ടികളെ എത്തിക്കുവാൻ നമുക്ക് കഴിയും .

ACE Scanner

# IEDC

- പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് വേണ്ടി ഓരോരുത്തർക്കും യോജിച്ച പഠനോപകരണങ്ങൾ, കളിയുപകരണങ്ങൾ മുതലായവ അത്യാവശ്യമാണ്
- ഉപകരണങ്ങൾ ചിട്ടയായും വൃത്തിയായും സൂക്ഷിക്കുന്നതിനായി പ്രത്യേക റൂം ആവശ്യമാണ്.
- ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും സ്പെഷ്യൽ ട്രെയിനിംഗ് കിട്ടിയ അധ്യാപകരുടെ സേവനം ഉറപ്പു വരുത്തണം.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് സ്കൂൾ തലത്തിൽ മാസത്തിൽ ഒരു തവണയെങ്കിലും പ്രത്യേക ക്ലാസ് നൽകേണ്ടതാണ്.
- മാനസികമായും ശാരീരികമായും വെല്ലുവിളി നേരിട്ട് കഠിന പ്രയത്നത്തി ലൂടെ ഉന്നത സ്ഥാനങ്ങളിലെത്തിയ വ്യക്തികളെ പരിചയപ്പെടുത്തുന്നതി ലൂടെ രക്ഷിതാക്കളുടെയും കുട്ടികളുടെയും ആത്മവിശ്വാസം വർദ്ധിപ്പി ക്കാം.
- പ്രവൃത്തി പരിചയ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ, കല, സാഹിത്യം എന്നീ മേഖലകളിലെ പ്രവർത്തനങ്ങൾ എന്നിവയിൽ ഇവർക്ക് പ്രത്യേക പരിശീലനം നൽകുന്നതു വഴി അവർക്ക് താത്പര്യ മുള്ള മേഖലകൾ കണ്ടെത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കാം

ACE Scanner

<u>സാമൂഹിക സാമ്പത്തിക സ്ഥിതി</u>

| CLASS | TOTAL | SC | ST | MUSLIM | OTHER MINORITY | OBC(Other than muslims) | GENERAL | APL | BPL |
|---|---|---|---|---|---|---|---|---|---|
| 1 | 52 | 7 | 3 | 5 | 2 | 28 | 7 | 18 | 34 |
| 2 | 61 | 6 | 0 | 7 | 2 | 30 | 16 | 35 | 26 |
| 3 | 61 | 16 | 1 | 1 | 1 | 27 | 15 | 25 | 36 |
| 4 | 64 | 13 | 2 | 6 | 4 | 28 | 12 | 26 | 38 |
| 5 | 82 | 9 | 1 | 11 | 1 | 48 | 12 | 35 | 47 |
| 6 | 81 | 14 | 0 | 7 | 2 | 42 | 16 | 34 | 47 |
| 7 | 99 | 16 | 1 | 16 | 2 | 45 | 19 | 44 | 55 |
| TOTAL | 500 | 81 | 8 | 53 | 14 | 248 | 97 | 217 | 283 |

ACE Scanner